മനോരമ 2-3-2012

# ആധുനിക ശാസ്ത്രം മനുഷ്യനെ സാങ്കേതിക ജന്തുവായി കാണുന്നു: എം.കെ. സാനു

കളമശേരി● ആധുനിക സാങ്കേതിക ശാസ്ത്രം മനുഷ്യനെ ഒരു സാങ്കേതിക ജന്തുവായിട്ടാണ് കാണുന്നത്. ഇത്തരം അവസ്ഥയിൽ നിന്നും മോചിതരാവാൻ കലോത്സവങ്ങൾ പോലുള്ള പാഠ്യേതരമായ വിഷയങ്ങൾ പരിചയപ്പെടുക തന്നെ വേണമെന്ന് പ്രഫ.എം. കെ.സാനു അഭിപ്രായപ്പെട്ടു.

കൊച്ചി സർവകലാശാലാ യുവജനോത്സവം സർഗം–12 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കലയും ജീവിതവും രണ്ടാണെന്ന തർക്കം നിരർഥകമാണ്. കല ജീവിതത്തിന്റെ ഭാഗമാണ്. എന്തിനുവേണ്ടി എന്ന ചോദ്യത്തിന് അർഥമില്ല.

മനുഷ്യ വ്യക്തിത്വത്തെ വികസിപ്പിക്കുന്നതിന് ക്ലാസുമുറികളിൽ നിന്നും വ്യത്യസ്തമായ പാഠനവും ആവശ്യമാണ്. ഇന്ന് നേരിടുന്ന ദുര്യോഗങ്ങളിലൊന്ന് വ്യക്തിത്വം ചുരുങ്ങിച്ചുരുങ്ങി ഒതുങ്ങിപോകുന്നുവെന്നും പ്രഫ. സാനു പറഞ്ഞു. യൂണിയൻ ചെയർമാൻ പ്രസാദ് ആദിഷ് അജയകുമാർ അധ്യക്ഷത വഹിച്ചു. വൈസ്ചാൻസലർ ഡോ. രാമചന്ദ്രൻ തെക്കേടത്ത്, ജനറൽ കൺവീനർ എം.എം. ഗിരീഷ്, യൂണിയൻ ട്രഷറർ ഡോ.ഡി. മാവൂദ്, ജനറൽ സെക്രട്ടറി കെ. സനൽ, ഫിസിക്കൽ എജ്യുക്കേഷൻ ഡയറക്ടർ അജിത് മോഹൻ എന്നിവർ പ്രസംഗിച്ചു.



കൊച്ചി സർവകലാശാല യുവജനോൽസവം പ്രഫ. എം.കെ. സാനു ഉദ്ഘാടനം ചെയ്യുന്നു. അജിത് മോഹൻ, ഡോ. രാമചന്ദ്രൻ തെക്കേടത്ത്, എം.എം. ഗിരീഷ്, ഡോ. ഡി. മാവൂദ്, പ്രസാദ് ആദിഷ് അജയകുമാർ എന്നിവർ സമീപം.




കൊച്ചി യൂനിവേഴ്സിറ്റി യുവജനോത്സവം 'സർഗം-12 പ്രഫ. എം.കെ. സാനു ഉദ്ഘാടനം ചെയ്യുന്നു

മാധ്യമം 2-3-2012

# 'സർഗം – 12ന് വർണാഭ തുടക്കം

കളമശേരി: കൊച്ചി യൂനിവേഴ്സിറ്റി യുവജനോത്സവം 'സർഗം - 12ന് വർണശബളമായ ഘോഷയാത്രയോടെ തുടക്കം. കളമശേരി ഗവ. പോളിടെക്നിക്കിന് മുന്നിൽ നിന്നാരംഭിച്ച ഘോഷയാത്ര തൃക്കാക്കര എ.സി ബിജോ അലക്സാണ്ടർ ഫ്ലാഗ് ഓഫ് ചെയ്തു.

ഘോഷയാത്രക്ക് കാവടി, പുലിക്കളി, ചെണ്ടമേളം എന്നിവ കൊഴുപ്പേകി. ഏറ്റവും പിന്നിലായി കുഞ്ഞാലിമരക്കാർ മറൈൻ എൻജിനീയറിങ്ങിലെ വിദ്യാർഥികളുടെ മാർച്ച്പാസ്റ്റും ഇറ്റാലിയൻ കപ്പലിന്റെ വെടിവെപ്പ് ഓർമപ്പെടുത്തുന്ന നിശ്ചലദൃശ്യവും ഉണ്ടായിരുന്നു. പ്രഫ. എം.കെ.സാനു ഉദ്ഘാടനം ചെയ്തു. ആധുനിക സാങ്കേതികശാസ്ത്രം മനുഷ്യനെ ഒരു സാങ്കേതിക ജന്തുവായിട്ടാണ് കാണുന്നത്. ഇത്തരം അവസ്ഥയിൽനിന്ന് മോചിതരാകാൻ കലോത്സവങ്ങൾ പോലെ പാഠ്യേതരപ്രവർത്തനങ്ങൾ പരിചയപ്പെടണമെന്ന് സാനുമാസ്റ്റർ പറഞ്ഞു. സർവകലാശാലാ യൂനിയൻ ചെയർമാൻ പ്രസാദ് ആദിശ് അജയ്കുമാർ അധ്യക്ഷത വഹിച്ചു. വി.സി ഡോ. രാമചന്ദ്രൻ തെക്കേടത്ത്, ജനറൽ കൺവീനർ എം.എം. ഗിരീഷ്, അജിത്ത് മോഹൻ തുടങ്ങിയവർ സംസാരിച്ചു. അഞ്ചുദിവസം നീളുന്ന മേളയിൽ ഏഴ് വേദികളിലായി 64 ഇനങ്ങളിൽ മത്സരം നടക്കും.